
# ഗവ: ഹയർസെക്കൻഡറി സ്കൂൾ

# പെരുമ്പളം




# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025 - 2028

# സമഗ്ര വിദ്യാഭ്യാസ വികസന രേഖ

ഉള്ളടക്കം


1.ആമുഖം

2.ലക്ഷ്യങ്ങൾ

3.വിദ്യാലയത്തിന്റെ ലഘു ചരിത്രം

4.വിദ്യാലയം മികവിന്റെ കേന്ദ്രം

5.പദ്ധതി രൂപീകരണ പ്രക്രിയ - ഘട്ടങ്ങൾ

6. നിലവിലെ അവസ്ഥാ വിശകലനം

7.മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

8. പദ്ധതി വിശദാംശങ്ങൾ

* മേഖല
* ഉപമേഖല
* ലക്ഷ്യം
* പ്രവർത്തനങ്ങൾ
* കാലം
* ചുമതല
* സാമ്പത്തിക
  വിശകലനം

9.* പ്രതീക്ഷിത
നേട്ടങ്ങൾ

10.* മോണിറ്ററിംഗ് രീതി

11.* ഉപസംഹാരം

## സ്കൂൾ പ്രൊഫൈൽ

**1.**വിദ്യാലയത്തിന്റെ പേര് **-** ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ**,** പെരുമ്പളം

**2.**വിലാസം **-** പെരുമ്പളം പി ഓ ചേർത്തല ആലപ്പുഴ ജില്ല പിൻകോഡ്**-688570**

**3.** വിദ്യാഭ്യാസ ഉപജില്ല **-** തുറവൂർ

**4.** വിദ്യാഭ്യാസ ജില്ല**-** ചേർത്തല

**5.** റവന്യൂ ജില്ല **-** ആലപ്പുഴ

**6.** ബി**.** ആർ**.** സി **-** തുറവൂർ

**7.** സി**.**ആർ**.**സി **-** പെരുമ്പളം

**8.** ഗ്രാമപഞ്ചായത്ത് **-** പെരുമ്പളം

**9.** ബ്ലോക്ക് പഞ്ചായത്ത് **-** തൈക്കാട്ടുശ്ശേരി

**10.** ജില്ലാ പഞ്ചായത്ത് **-** ആലപ്പുഴ

**11.** നിയമസഭാ മണ്ഡലം **-** അരൂർ

**12.** ലോകസഭാ മണ്ഡലം**-** ആലപ്പുഴ

**13.** താലൂക്ക് **-** ചേർത്തല

**14.** വില്ലേജ് **-** പെരുമ്പളം

**15.** ഇ മെയിൽ **- 34022alappuzha@gmail.com**
വെബ്സൈറ്റ് **- www.ghssperumbalam.blogspot.com**

സ്കൂൾ വിക്കി **- Alappuzha (Revenue District ), Cherthala (Edl. District), G.H.S.S PERUMBALAM**

## ആമുഖം

കിഴക്കിന്റെ വെനീസ് എന്ന അപരനാമത്തിൽ പ്രശസ്തമായ ആലപ്പുഴ ജില്ലയുടെ വടക്കേയറ്റത്ത് വേമ്പനാട്ട് കായലിനാൽ ചുറ്റപ്പെട്ട പ്രകൃതിരമണീയമായ പെരുമ്പളം ദ്വീപിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് അറിവിന്റെ പടവുകൾ കയറുന്നതിന് ആശയമായി പെരുമ്പളം **Govt.** ഹയർ സെക്കൻഡറി സ്കൂൾ പ്രവർത്തിച്ചുവരുന്നു.

## ലക്ഷ്യങ്ങൾ

**1.** ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക

**2.** അക്കാദമി ഉപകരിക്കുന്ന തരത്തിൽ ഭൗതിക പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക

**3.** അക്കാദമി കാര്യങ്ങളിൽ പൂർണത സംരക്ഷിക്കാൻ എന്തെല്ലാം ചെയ്യണം എന്ന് കൃത്യമായി ആസൂത്രണം ചെയ്യൽ

**4.** ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണ്ട് അവരുടെ വിവിധ മേഖലകളിലുള്ള വികസനം കരിക്കുലവും പാഠ്യപദ്ധതിയും വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക

**5.** മുഴുവൻ കുട്ടികൾക്കും പഠനനേട്ടത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക

**6.** വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിച്ച് അക്കാദമിക വളർച്ചയ്ക്ക് ഉതകുക

**7.** മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം പെരുമ്പളം ദ്വീപിലെ സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക

**8.** അധ്യയനവും അധ്യാപനവും സർഗ്ഗാത്മകവും രസകരവും ആക്കുന്നതിന് ഉതകുന്ന തരത്തിൽ വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ

**9.** കുട്ടികളുടെ അവകാശങ്ങളെ സംരക്ഷിച്ച് സമഗ്രമായ പദ്ധതികൾ ആസൂത്രണം ചെയ്യുക

## വിദ്യാലയത്തിന്റെ ചരിത്രം

ആലപ്പുഴ ജില്ലയിൽ തുറവൂർ സബ് ജില്ലയിലെ പെരുമ്പളം പഞ്ചായത്തിലെ ഏക **Govt.**ഹയർസെക്കൻഡറി സ്കൂൾ ആണിത്.**1860**ൽ ഇടപ്പള്ളി സ്വരൂപത്തിൽ തട്ടാരത്ത് കേശവള കുടുംബ സംഭാവന ചെയ്ത സ്ഥലത്ത് കുടി പള്ളിക്കൂടമായി ആരംഭിച്ച ഈ വിദ്യാലയം പിന്നീട് ഗവൺമെന്റ് ഏറ്റെടുക്കുകയും പ്രൈമറി, അപ്പർ  പ്രൈമറി, **1961**ൽ ഹൈസ്കൂൾ, **1990**ൽ ഹയർസെക്കൻഡറി, **2000**ൽ വൊക്കേഷണൽ ഹയർസെക്കൻഡറി എന്നിങ്ങനെ വിവിധ ശാഖകളായി വികസിച്ച് പരിലസിക്കുന്നു. പെരുമ്പളം ദ്വീപിലെ ജനങ്ങൾ വിദ്യാഭ്യാസത്തിനായി ഈ വിദ്യാലയത്തെയാണ് ആശ്രയിച്ചിരുന്നത്. ആയിരത്തിൽപരം കുട്ടികളും നാല്പതോളം അധ്യാപകരും ഉണ്ടായിരുന്ന ആദ്യകാല സ്കൂളിന്റെ ഭൗതിക സാഹചര്യം തീർത്തും അപര്യാപ്തമായിരുന്നു. പ്രഗൽഭരായ നിരവധി അധ്യാപകർ ഈ സ്കൂളിൽ സേവനം അനുഷ്ഠിച്ചിരുന്നു. പ്രശസ്തരായ നിരവധി വ്യക്തിത്വങ്ങൾ ഈ സ്കൂളിന്റെ സംഭാവനകൾ ആണ്.

ഇപ്പോൾ സ്കൂളിന്റെ ഭൗതിക സാഹചര്യം ഏറെക്കുറെ മാറിയിരിക്കുന്നു. ഹൈടെക് ക്ലാസ് മുറികൾ,പ്രധാനപ്പെട്ട കെട്ടിടങ്ങൾ,ആഫീ സ്റ്റോറി, കളിസ്ഥലം, പാചകപ്പുര, ഗേൾസ് ഫ്രണ്ടിലെ ടോയ്‌ലറ്റുകൾ തുടങ്ങി നിരവധി സൗകര്യങ്ങൾ കൊണ്ട് സ്കൂൾ സമ്പുഷ്ടമാണ്. എന്നിരുന്നാലും നിരവധി വെല്ലുവിളികൾ സ്കൂൾ നേരിടുന്നു. ആധുനിക സാഹചര്യങ്ങൾക്ക് ഇണങ്ങുന്ന തരത്തിലുള്ള ശുചിമുറകളുടെ അഭാവം മറ്റ് അനുബന്ധ സാഹചര്യങ്ങൾ ഇതെല്ലാം തന്നെ വിദ്യാലയത്തെ പ്രതിസന്ധിയിലാക്കുന്നു.ഈ പ്രതിസന്ധികളെ തരണം ചെയ്ത് മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവെച്ച വിദ്യാലയത്തെ സമഗ്ര പുരോഗതിയിലേക്ക് എത്തിക്കുവാൻ മൂന്നുവർഷത്തെ സ്കൂൾതല സമഗ്ര വികസന മാസ്റ്റർ പ്ലാനിന്  സ്കൂൾ രൂപം നൽകുന്നു.

പാഠ്യ- പാഠ്യേതര  വിഷയത്തിൽ സമീപത്തെ സ്വകാര്യ എയ്ഡഡ് സ്കൂളുകളെക്കാൾ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ നാളിതുവരെ കഴിഞ്ഞു. ശക്തമായ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയും സമർത്ഥരായ അധ്യാപകരും പൊതുജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിച്ച സ്കൂളിന്റെ യശസ്സ് വർധിപ്പിച്ചു കൊണ്ടിരിക്കുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട ധാരാളം കർമ്മ പദ്ധതികളും ആസ്വരം ചെയ്ത നടപ്പിലാക്കി വരുന്നു. സ്കൂളിൽ വികസന പദ്ധതികളും കർമ്മപരിപാടികളും അക്കാദമിക് പ്ലാനും പുതിയ ദിശാബോധം തീർക്കാൻ കഴിയും എന്ന കാര്യത്തിൽ തർക്കമില്ല.

## വിദ്യാലയം മികവിന്റെ കാഴ്ചപ്പാട്

* മികച്ച സാംസ്കാരിക നിലയമായി വിദ്യാലയത്തെ മാറ്റുക

* പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന കുട്ടികളുള്ള വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

* അനുതാപം ,അനുകമ്പ,സത്യം വ്യക്തിശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ

*പഠന പിന്നോക്കക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാലയം ഒരുക്കൽ

*പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങളും ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

*പാരിസ്ഥിതികാവ ബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കണക്ക് സൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാടി രൂപീകരിക്കുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

## പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

***SRG** യോഗത്തിൽ പെരുമ്പളം സ്കൂൾ വിഷൻ **2028** എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

*വികസനാവശ്യങ്ങൾ ക്ലാസ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

*കരട് രൂപരേഖ **SRG/SMC/PTA/MPTA /**രാഷ്ട്രീയ സംഘടന പ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

*ശില്പശാലയിൽ ഉയരുന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ

***PTA** യുടെ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## നിലവിലെ അവസ്ഥാ വിശകലനം

## ഭൗതികം- നേട്ടങ്ങൾ

ക്ലാസ് മുറികൾ ജില്ലാ പഞ്ചായത്ത് എംഎൽഎ ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി ടൈൽ വിരിച്ച് റൂഫിംഗ് ചെയ്ത് ഡസ്റ്റ് ഫ്രീ ആക്കിയിട്ടുണ്ട്. ഹൈസ്കൂളിൽ **6** ക്ലാസ് റൂമുകളിൽ ഹൈടെക് സംവിധാനം ആവിഷ്കരിച്ചു.

## ഭൗതികം - പരിമിതികൾ

ഓരോ വിഭാഗത്തിനും പ്രത്യേകിച്ച് ഹയർസെക്കൻഡറി വിഭാഗത്തിന് ഓഫീസ് സ്റ്റാഫ് റൂം ലാബ് ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യമുള്ള കെട്ടിടങ്ങൾ ഇല്ല. ശൗചാലയം,പ്രത്യേകിച്ച് ആൺകുട്ടികൾക്ക് മതിയായതും ആധുനിക രീതിയിലുള്ളതുമല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. ഓപ്പൺ എയർ ആഡിറ്റോറിയം നിലവിലില്ല. അടുക്കള സ്ഥല പരിമിതി കൊണ്ട് വീർപ്പുമുട്ടുന്നു. ആകർഷകമായ വിധത്തിൽ പൂന്തോട്ടം നിർമ്മിക്കേണ്ടിയിരിക്കുന്നു. വിശാലമായ രീതിയിൽ കളിസ്ഥലത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ അടക്കം പുനർ നിർമ്മിക്കേണ്ടതുണ്ട്.

മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| * ഭാഷാശേഷി വികസനം | *ചുറ്റുമതിൽ | ***PTA** ശക്തിപ്പെടുത്തൽ |
| * ഗണിതശേഷി വികസനം | *കളിസ്ഥലം | ***SMC** കാര്യക്ഷമമാക്കൽ |
| * ഇംഗ്ലീഷ് പഠന പരിപോഷണം | *പാർക്ക് | * വിദ്യാലയ വികസന സമിതി |
| * ലൈബ്രറി ശാക്തീകരണം | *ഹൈടെക് ക്ലാസ് മുറികൾ | *പൂർവ വിദ്യാർത്ഥി സംഘടന |
| *ലബോറട്ടറി | *ഓഫീസ് മുറി | - ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| *ആധുനികവൽക്കരിക്കൽ | *സ്റ്റാഫ് മുറി | ***CPTA** മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| *നാടക കളരി | കമ്പ്യൂട്ടർ റൂം | *വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| * ജൈവ വൈവിധ്യ പാർക്ക് | *ലൈബ്രറി | *കോർണർ **PTA** |
| * സാഹിത്യ പോഷണ പരിപാടികൾ | *അടുക്കള | *ഭവന സന്ദർശനം |
| *പഠനയാത്രകൾ | *ഡൈനിങ് ഹാൾ | |
| *സ്കൂൾ പത്രം | *കുടിവെള്ള വിതരണം | |
| *കലാ കായിക മേള | *ജന്മദിനത്തിന് ഒരു പുസ്തകം | |
| * രചനാ ശില്പശാല | *മാലിന്യ സംസ്കരണം | |
| * അഭിമുഖങ്ങൾ | * ടോയ്ലറ്റ് | |
| * മെഡിക്കൽ ക്യാമ്പ് | *ലബോറട്ടറി | |
| * ഗണിത ലാബ് | * ചിത്രരചന | |
| * ഭാഷാ ലാബ് | * കൃഷിത്തോട്ടം | |
| | * ഭാഷോത്സവം | |
| | * ഗണിതോത്സവം | |

# ഹൈസ്കൂൾ വിഭാഗം

# വിഷയം : മലയാളം

| 1. ലക്ഷ്യം | 2. പ്രവർത്തനങ്ങൾ | 3. കാലം | 4. ചുമതല | 5. പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | പ്രീ ടെസ്റ്റ്<br>-അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>-ചിത്രം നൽകി കഥ പറയൽ<br>-എഴുതൽ | ജൂൺ ജൂലൈ ആഗസ്റ്റ് | ഭാഷാധ്യാപകർ | SRG<br>SSA<br>SCERT |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക ( വായനക്കൂട്ടം)<br>-വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക | വായനക്കൂട്ടം രൂപീകരണം<br>-ക്ലാസ് ലൈബ്രറി<br>-ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br>-ചുമർപത്രിക ഒരുക്കൽ-<br>വായനോത്സവം സംഘടിപ്പിക്കൽ | ഒരു വർഷം | ഭാഷ അധ്യാപകർ | **SRG**<br>**SMC**<br>**PTA** |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക | എഴുത്തു കൂട്ടം രൂപീകരണം-<br>എഴുത്തിന് മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>-കവിതാ ക്യാമ്പ്<br>-കഥാ ക്യാമ്പ് | ഒരു വർഷം | ഭാഷാ അധ്യാപകർ-<br>ലൈബ്രേ റിയൻ -<br>വിദ്യാരംഗം | **SMC**<br>**PTA**<br>**Rs. 4000** |

| | | | | |
|---|---|---|---|---|
| വിദ്യാരംഗം കലാസാഹിത്യ വേദി | വിദ്യാരംഗം കലാ സാഹിത്യ വേദി രൂപീകരണം- ഭിന്നശേഷിക്കാർ ക്കായി പ്രത്യേകം സഭ- ക്ലാസ്സ് സഭ-സ്കൂൾ സഭ | ജൂൺ | മുഴുവൻ അധ്യാപകർ | **SRG**<br>**SMC** |

| | | | | |
|---|---|---|---|---|
| സ്കൂൾ ഗ്രന്ഥശാല ശാക്തീകരണം | ക്ലാസ് ലൈബ്രറി രൂപീകരണം- വായനാമൂറി സൗകര്യം ഒരുക്കൽ- സ്കൂൾ ലൈബ്രറി രൂപീകരണം | ആറുമാസം | ലൈബ്രേറിയൻ - ഭാഷാ അധ്യാപകർ- വിദ്യാരംഗം | **SRG**<br>**SMC**<br>**PTA**<br>**Rs. 6000** |

| | | | | |
|---|---|---|---|---|
| ഭാഷാശേഷികളുടെ സമഗ്രമായ വികസനം | സെമിനാറുകൾ -അഭിമുഖങ്ങൾ -പാനൽ ചർച്ചകൾ- സംവാദം മുതലായവ | വർഷത്തിൽ ഓരോന്ന് | ഭാഷാ അധ്യാപകർ | **SRG**<br>**SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| രചനകൾ ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരം ഒരുക്കുക | ക്ലാസ് മാഗസിൻ -ചുമർ ചിത്രങ്ങൾ- ചുമർ പത്രങ്ങൾ - രചനകൾ എന്നിവയിലൂടെ പ്രകടിപ്പിക്കൽ | ക്ലാസ് ടീച്ചേഴ്സ്<br>**SITC** | അധ്യാപകർ<br>വിദ്യാരംഗം | **SRG**<br>**PTA** |

# വിഷയം - ഇംഗ്ലീഷ്

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷാശേഷി ഉറപ്പിക്കുക | ഇംഗ്ലീഷ് ഉച്ചാരണം- **stress** എന്നിവയ്ക്ക് ഊന്നൽ നൽകുക - ഗ്രാമർ സാധ്യത - ടെക്സ്റ്റ് ബുക്ക് അനുരൂപണന സാധ്യതകൾ വഴി പഠനം ലളിതമാക്കൽ | ഹ്രസ്വകാലം | ഇംഗ്ലീഷ് അധ്യാപകർ | **SMC**<br>**SRG** |
| തെറ്റില്ലാതെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും ഉള്ള ശേഷി വളർത്തിയെടുക്കൽ | ഇംഗ്ലീഷിലുള്ള പ്രാവിണ്യം മനസ്സിലാക്കാനുള്ള പരിശോധന- സ്കൂൾ ക്യാമ്പസിൽ ഇംഗ്ലീഷിലും ആശയവിനിമയം നടത്തൽ- ഇംഗ്ലീഷ് ഡയറി ദിവസവും എഴുതുന്നതിനുള്ള ശ്രമം | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ | **PTA**<br>**SRG** |
| ഇംഗ്ലീഷ് അസംബ്ലി | മാസത്തിൽ രണ്ട് തവണ നടത്താനായി ഓരോ ക്ലാസിലും ആസൂത്രണവും പരിശീലനവും നൽകുക | മാസത്തിൽ രണ്ടുതവണ | ക്ലാസ് തല ഇംഗ്ലീഷ് ക്ലബ്ബുകൾ | ഇംഗ്ലീഷ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ലൈബ്രറി | ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തക ശേഖരണം | ആദ്യ **term** മുതൽ | ഇംഗ്ലീഷ് അധ്യാപകർ- ലൈബ്രറിയൻ | **SRG**<br>**SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| സ്കൂൾ കലോത്സവം | ഇംഗ്ലീഷ് മത്സര ഇനങ്ങൾക്ക് പരിശീലനം നൽകുക**(skit, drama etc.)** | വർഷത്തിൽ ഒരു പ്രാവശ്യം | **SRG** കൺവീനർ | **SRG**<br>**SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് ശേഷി നേടൽ | **Native english** പീപ്പിളുമായി സംസാരിക്കാനായി കുട്ടികൾക്ക് അവസരം ഒരുക്കുക | വർഷത്തിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | **SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| **ICT** സാധ്യതകൾ ഇംഗ്ലീഷ് പഠനത്തിന് ഉപയുക്തമാക്കുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവിത കേൾപ്പിക്കൽ - വീഡിയോ പ്രദർശനം- നെറ്റ് ബ്രൗസിംഗ് | വർഷം മുഴുവൻ | ഇംഗ്ലീഷ് അധ്യാപകർ<br>**SMC**<br>**SITC** | **SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് ഫെസ്റ്റിവൽ | ഇംഗ്ലീഷ് നാടകം- കവിത - പ്രസംഗ ശില്പശാലകൾ എന്നിവ ഉൾപ്പെടുത്തുക | വർഷത്തിൽ ഒരിക്കൽ അവധിക്കാലത്ത് | **SRG** കൺവീനർ | **SRG**<br>**SMC**<br>**PTA** |

# വിഷയം - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പഠനത്തിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിൽ എത്തിക്കുക | കൂടുതൽ ആക്ടിവിറ്റികൾ ചെയ്യിക്കുക | യഥാസമയം | മുഴുവൻ അധ്യാപകർ | **SRG**<br>**SMC**<br>**PTA** |
| ദേശീയ ഭാഷ എന്ന നിലയിൽ ഹിന്ദി ഒരുക്കോടയും ഉച്ചാരണ ശുദ്ധിയോടെയും വായിക്കാനുള്ള കഴിവ് വളർത്തിയെടുക്കൽ | മാസത്തിലൊരിക്കൽ ഹിന്ദിയിൽ പ്രത്യേകം അസംബ്ലി - അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള ശ്രമങ്ങൾ - വായനയിലെ പരിമിതി മനസ്സിലാക്കാനുള്ള ശ്രമം | ആറുമാസം | ഭാഷാ അധ്യാപകർ- ലൈബ്രേറിയൻ | **SMC**<br>**PTA** |
| ഹിന്ദിയിൽ ഭാഷ വ്യവഹാരങ്ങൾ | ഹിന്ദി കയ്യെഴുത്ത് പതിപ്പ്- ചുമർ | ഒരു വർഷം | ഭാഷാ അധ്യാപകർ | **SRG** |

| | | | | |
|---|---|---|---|---|
| തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക | പത്രിക ഒരിക്കൽ- വായന കാർഡ് നിർമ്മാണം | | | |

| | | | | |
|---|---|---|---|---|
| ഹിന്ദിയിൽ കലകൾ അവതരിപ്പിക്കാനും ആസ്വദിക്കാനും ഉതകുന്ന തരത്തിൽ സർഗ്ഗ വൈഭവങ്ങൾ പോഷിപ്പിക്കൽ | അവതരണത്തിനും ആസ്വാദനത്തിനുള്ള ക്ലാസ്സ് സമാജം - വെള്ളിയാഴ്ചകളിൽ ഓരോ ക്ലാസുകാരുടെയും ഹിന്ദി വാണി റേഡിയോ | രണ്ട് ആഴ്ചയിൽ ഒരിക്കൽ | ആർട്ട്- മ്യൂസിക് അധ്യാപകർ | **SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| ഹിന്ദിയുമായി ബന്ധപ്പെട്ട പ്രധാന ദിനങ്ങൾ ആഘോഷിക്കുന്നതിലൂടെ ഹിന്ദിയിൽ താല്പര്യം വർദ്ധിപ്പിക്കൽ | ഹിന്ദി സാഹിത്യപ്രതിഭകളെ പരിചയപ്പെടുത്തൽ -ഹിന്ദി ക്ലബ്ബിന്റെ വിവിധ പ്രവർത്തനങ്ങൾ | ഹിന്ദി ക്ലബ്ബ് | ഭാഷാ അധ്യാപകർ | **SRG**<br>**SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| കുട്ടികളെ സ്കൂൾ കലോത്സവത്തിലെ ഹിന്ദി ഇനങ്ങൾക്ക് സജ്ജമാക്കൽ | വിവിധ ഇനം മത്സരങ്ങൾ | യഥാസമയം | ആർട്ട് -മ്യൂസിക് അധ്യാപകർ | **SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| ഹിന്ദി ഭാഷാ പഠനത്തിന് ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | ഹിന്ദി പാഠ ഭാഗങ്ങളുമായി ബന്ധപ്പെട്ട ഡിജിറ്റൽ വിഭവങ്ങൾ | വർഷം മുഴുവൻ | ഹിന്ദി ഭാഷ അധ്യാപകർ - **SITC** | **SRG** |

# വിഷയം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ഗണിതശാസ്ത്രത്തിന്റെ അടിസ്ഥാന ആശയങ്ങൾ എത്തിയെന്ന് ഉറപ്പുവരുത്തുക | പ്രീ ടെസ്റ്റ്- ചോദ്യനിർമ്മാണം - ടെസ്റ്റ് പേപ്പർ- മൂല്യനിർണയം- പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിൽ ബോധനത്തിനായി പഠന ഗ്രൂപ്പിംഗ് | ജൂൺ<br>ജൂലൈ | ഗണിത അധ്യാപകർ | **SRG** |
| ഗണിത ക്ലാസ് ലൈബ്രറി വിപുലീകരിക്കൽ | ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ - ഇനം തിരിച്ച് ക്രമീകരിക്കൽ | ഫസ്റ്റ് **term** | ഗണിത അധ്യാപകർ | **SMC**<br>**PTA**<br>**SRG** |
| ഗണിത ക്ലബ്ബ് സജീവമാക്കൽ | ഗണിത ക്ലബ്ബ് രൂപീകരണം- ഗണിത ക്വിസ്സുകൾ ഗണിത സമിതികൾ ബുള്ളറ്റിൻ ബോർഡുകളിൽ - ക്ലാസ് തല - സ്കൂൾ തല ഗണിതമാഗസിനുകൾ | ജൂൺ<br>ജൂലൈ | ഗണിത അധ്യാപകർ - ഗണിതക്ലബ്ബ് | **SRG** |

| | | | | |
|---|---|---|---|---|
| ഗണിത പഠനത്തിൽ താൽപ്പര്യം വർദ്ധിപ്പിക്കൽ | ഗണിത പ്രൊജക്ടുകളുടെ അവതരണം- മാഗസിനുകളുടെ പ്രകാശനം | ഓണം - ക്രിസ്മസ് ഒഴിവു സമയങ്ങളിൽ | ഗണിത അധ്യാപകർ | **SMC**<br><br>**PTA** |

| | | | | |
|---|---|---|---|---|
| പഠന നേട്ടങ്ങൾ കൂടുതൽ ഉറപ്പിക്കുന്നതിനായി വർക്ക് ബുക്ക് | വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കായി ഓരോ യൂണിറ്റിൽ നിന്നും വർക്ക് ഷീറ്റുകൾ തയ്യാറാക്കി വർക്ക് ബുക്ക് ആയി നൽകുന്നു | സെക്കൻഡ് **Term** | ഗണിത അധ്യാപകർ | **SRG** |

| | | | | |
|---|---|---|---|---|
| മുന്നാക്കക്കാരുടെ ഉന്നമനത്തിന് തുടർ പ്രവർത്തനം മെച്ചപ്പെടുത്തൽ | **OMR** മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കിയുള്ള പരീക്ഷകൾ | മാസത്തിൽ രണ്ട് തവണ | ഗണിത അധ്യാപകർ | **SRG** |

| | | | | |
|---|---|---|---|---|
| **ICT** യിലൂടെ ഗണിത പഠനം എളുപ്പമാക്കൽ | ഗണിതത്തിലെ **ICT** സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പഠനം **- 3D** ഗണിത രൂപങ്ങളുടെ നിർമിതി | യഥാസമയങ്ങളിൽ | ഗണിത അധ്യാപകർ | **SITC** |

| | | | | |
|---|---|---|---|---|
| ഗണിത പഠനത്തിൽ താൽപര്യം വർദ്ധിപ്പിക്കാൻ ചുമർ ചിത്രങ്ങൾ | ക്ലാസ്സിൽ, ചുമരിൽ ഭിന്ന സംഖ്യ- ഗണിതാശയങ്ങൾ ,ജ്യാ മിതീയ രൂപങ്ങൾ എന്നിവ വരക്കൽ | 5 മാസം | ഗണിത ക്ലബ്ബ് - ഗണിത അധ്യാപകർ | SRG<br>SMC<br>PTA |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | പാമ്പും കോണിയും- സംഖ്യാ ചക്രങ്ങൾ- സംഖ്യ മാല തുടങ്ങിയ പ്രവർത്തനങ്ങൾ കുട്ടികൾ തയ്യാറാക്കി ഗ്രൂപ്പ് അടിസ്ഥാനത്തി ൽ നിർവഹിക്കൽ | യഥാ സമയങ്ങളിൽ | കുട്ടികൾ | വിഷയ സമിതി |

| | | | | |
|---|---|---|---|---|
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉറപ്പിക്കൽ | നമ്പർ ചാർട്ടുകൾ, നമ്പർ കാർ ഡുകൾ- അബാക്കസ്- മാന്ത്രിക ചതുരം മുതലായവയുടെ നിർമ്മാണവും അവ ഉപയോഗിച്ചുള്ള കളികളും | യഥാസമയങ്ങളി ൽ | ഗണിതാ ധ്യാപകർ | വിഷയ സമിതി |

# വിഷയം സാമൂഹ്യ - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സാമൂഹിക ജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്തു നടത്തുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ - ബാലവേല ചൂഷണം പോലെയുള്ള സാമൂഹ്യ പ്രശ്നങ്ങൾ ഇടപെ ടാനുള്ള പ്രവർത്തനങ്ങൾ | ദീർഘകാലം | അധ്യാപകർ<br>രക്ഷിതാക്കൾ | **SMC**<br>**PTA**<br>പൂർവ്വ വിദ്യാർത്ഥികൾ<br>നഗരസഭ |
| ജനാധിപത്യ മൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | **SS** ക്ലബ് പ്രവർത്തനങ്ങൾ - ക്ലാസ് തല, സ്കൂൾ തല തെരഞ്ഞെടുപ്പ് | യഥാസമയങ്ങളിൽ | അധ്യാപകർ<br>**SRG** | **SMC**<br>**PTA** |
| വ്യക്തി, സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റ് ആണെന്ന് തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ നടത്തുന്നതിനും പ്രാപ്തനാക്കുക | മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ -പ്രാദേശിക സർവ്വേ -പതിപ്പുകൾ- ചുമർ പത്രികകൾ | വർഷം മുഴുവനും | **SS** ക്ലബ്ബ് | **SRG**<br>**SMC**<br>**PTA**<br>**NSS** യൂണിറ്റ്സ് |
| പ്രാദേശികതലം മുതൽ ജന ജീവിതത്തിന്റെ സമസ്ത | പ്രാദേശിക ചരിത്രരചനയും മാപ്പിങ്ങും, ചരിത്ര സംഭവങ്ങളുടെ | മാസത്തിൽ ഒന്ന് | അധ്യാപകർ<br>**SRG** | **SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| മേഖലകളിലേക്കും കടന്നുചെന്ന്, വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ | കാലഗണന തയ്യാറാക്കലും | | **SS** ക്ലബ് | പൂർവ്വ വിദ്യാർത്ഥികൾ<br><br>നഗരസഭ |

| | | | | |
|---|---|---|---|---|
| ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തനാക്കുക | **GPRS** സൗകര്യങ്ങൾ ഉപയോഗിച്ച് കൃഷിയിടങ്ങൾ - വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ വിവരണ ശേഖരണം നടത്തിയുള്ള താരതമ്യ പഠനം | ഹ്രസ്വകാലം | അധ്യാപകർ | **SITC** |

| | | | | |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കാനും അറിവുകൾ അപ്ഡേറ്റ് ചെയ്യാനുമായി, സ്കൂൾ സാമൂഹ്യശാസ്ത്ര കോർണർ | അധിക വായനയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ- അറ്റ്ലസ്- ഇയർ ബുക്ക് എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര കോർണർ ഒരുക്കൽ | വർഷം മുഴുവനും | അധ്യാപകർ<br><br>**SS** ക്ലബ്ബ് | **SRG**<br><br>**Rs. 8000** |

| | | | | |
|---|---|---|---|---|
| ഇന്ത്യയുടെ സാംസ്കാരികമായ വൈവിധ്യം തിരിച്ചറിയാനും, ദേശീയ ബോധം ഉറപ്പിക്കാനും ദേശീയോദ്ഗ്രഥന ക്യാമ്പ് | വിവിധ സംസ്ഥാനക്കാരായ കുട്ടികളെ അവരുടെ പ്രാദേശികമായ വേഷം അണിയിച്ച് സാംസ്കാരിക വിനിമയ പരിപാടികൾ അവതരിപ്പിക്കുക | വർഷത്തിൽ ഒന്ന് | അധ്യാപകർ<br><br>**SRG** | **SMC**<br><br>**PTA**<br><br>**RS. 7000** |

| | | | | |
|---|---|---|---|---|
| പ്രത്യക്ഷ അനുഭവങ്ങളിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കലും ഉറപ്പിക്കലും | ചരിത്ര സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനം, ചരിത്രം രൂപപ്പെടുത്തി റഫറൻസ് ആയി സൂക്ഷിക്കണം | വർഷത്തിൽ 3 | അധ്യാപകർ<br>**SRG**<br>**SS** ക്ലബ്ബ് | **SMC**<br>**PTA**<br>പൂർവ്വ വിദ്യാർത്ഥികൾ<br>ഗവേഷകർ<br>നഗരസഭ<br>**RS. 20000** |

# വിഷയം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാനശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | പ്രീ ടെസ്റ്റ് ചോദ്യ നിർമ്മാണം,ടെസ്റ്റ്, മൂല്യനിർണയം - പരിഹാരബോധനത്തിനായി പഠന ഗ്രൂപ്പിങ് - ബോധന സാമഗ്രികൾ തയ്യാറാക്കൽ - ആസൂത്രണം | ജൂൺ<br>ജൂലൈ | ശാസ്ത്ര അധ്യാപകർ | **SRG** |
| ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും, ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | സയൻസ് ക്ലബ്ബ് രൂപീകരണവും, വാർഷിക പ്രവർത്തന പദ്ധതി തയ്യാറാക്കൽ | യഥാ സമയങ്ങളിൽ | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>**SRG** | **SMC**<br>**PTA**<br>**Rs. 6000** |
| സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ ചാട്ടുഗൽ മോഡലുകൾ പ്രവർത്തനം മാതൃകകൾ എന്നിവ ഇനം തിരിച്ച് ക്രമീകരിക്കുക**b-** ഇരിപ്പിടം, വെളിച്ചം, വെള്ളം,സുരക്ഷാ സംവിധാനങ്ങൾ എന്നിവ സജ്ജമാക്കൽ | ഒരു വർഷം | ശാസ്ത്ര അധ്യാപകർ | കൃഷിഭവൻ<br>കർഷകർ<br>**SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരിക്കൽ | സ്കൂൾ ക്യാമ്പസിൽ പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം - ജൈവവൈവിധ്യ പാർക്ക് | ഒരു വർഷം | ശാസ്ത്ര അധ്യാപകർ | കൃഷിഭവൻ<br>കർഷകർ<br>**SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| മാലിന്യമുക്ത / ആരോഗ്യ / ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | പരിസര ശുചീകരണം/ ശുചിത്വ ബോധവൽക്കരണം - കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്സ് /വൈദ്യ പരിശോധന- ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട ക്ലാസ്സ് | യഥാ സമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ | ആരോഗ്യവകുപ്പ്<br>**ICDS** |

| | | | | |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കാനും, ശാസ്ത്ര അഭിരുചി വളർത്താനും,ശാസ്ത്രോത്സവം നടത്തുക | സ്കൂൾ ശാസ്ത്രമേള-ലഘു പരീക്ഷണങ്ങളുടെ നിർമ്മാ ണം - മോഡൽ നിർമ്മാണം -ശാസ്ത്ര ക്വിസ് | ഫുൾ **term** | ശാസ്ത്ര അധ്യാപകർ | **SMC**<br>**PTA**<br>**Rs. 8000** |

| | | | | |
|---|---|---|---|---|
| പ്രയാസമേറിയ ശാസ്ത്രഭാഗ ങ്ങൾ മനസ്സിലാക്കാനുള്ള വർക്ക് ഷീറ്റുകൾ ത യ്യാറാക്കൽ | ഭിന്ന നിലവാരക്കാർക്കും , ഭിന്ന ശേഷിക്കാർക്കും പ്രത്യേകം വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു | ജൂലൈ | ശാസ്ത്ര അധ്യാപകർ | വിഷയ സമിതി |

| | | | | |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കാനും ശാസ്ത്രതൽപരത ഉണർത്താനും | ശാസ്ത്ര ദിനാചരണങ്ങൾ മുൻകൂട്ടിയുള്ള ആസൂത്രണത്തോടെ ചെയ്യുക- ശാസ്ത്ര പഠനയാത്രകൾ - ശാസ്ത്ര പതിപ്പുകൾ/ ചാർട്ടുകൾ തയ്യാറാക്കൽ | യഥാസമയങ്ങളിൽ | ശാസ്ത്ര അധ്യാപകർ | **SMC**<br>**PTA**<br>**DIET**<br>**Rs. 20000/-** |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്രസാങ്കേതിക സംവിധാനങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ/ വീഡിയോ/ ആനിമേഷൻ എന്നിവ ശേഖരിച്ച് എഡിറ്റ് ചെയ്ത് സ്കൂളിലെ ICT സാധ്യത ഉപയോഗിക്കൽ | എല്ലായ് പ്പോഴും | ശാസ്ത്ര അധ്യാപകർ | **SITC**<br>**KITE**<br>**SAMAGRA** |

# യു. പി സ്കൂൾ വിഭാഗം

# വിഷയം - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദന നടത്താനും പട്ടികളെ പഠിതാക്കളെ പ്രാപ്തരാക്കുക | പഠിതാക്കൾ അവരുടെ അവധിക്കാലം അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു - അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം വളർത്തുന്നു | മലയാളം | അധ്യാപകർ | **SRG** |

| | | | | |
|---|---|---|---|---|
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്ത ലോകത്തേക്ക് പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും, പ്രതികരണശേഷി ഉണർത്തുകയും , ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്ന | എല്ലാ ദിവസവും | അധ്യാപകർ<br>മലയാളം ക്ലബ്ബ് | **SRG**<br>മലയാളം ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടും ഉള്ള അനുകൂല മനോഭാവങ്ങൾ കുട്ടികളിൽ വളർത്തുക | നവമാധ്യമങ്ങളുടെ സഹായത്താൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു- അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് - സ്കൂൾ - ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | വർഷത്തിൽ മൂന്ന് പ്രാവശ്യം | മലയാളം അധ്യാപകർ | **SRG**<br>**SMC**<br>**PTA** |

| | | | | |
|---|---|---|---|---|
| മലയാളം കമ്പ്യൂട്ടറിങ് പരിജ്ഞാനം നേടിയെടുക്കൽ- മാഗസിൻ തയ്യാറാക്കൽ | സർഗ്ഗാത്മകശേഷി വളർത്തൽ- E. കമ്പ്യൂട്ടിംഗ് പരിശീലിക്കുകയും മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | മലയാളം<br>ഐടി അധ്യാപകർ | മലയാളം ക്ലബ്ബ് | **SRG**<br>**SMC** |

| | | | | |
|---|---|---|---|---|
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ കാഴ്ചകൾ ലഭിക്കുന്ന, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം | വർഷം മുഴുവൻ | **SMC**<br>**SRG**<br>**PTA**<br>അധ്യാപകർ<br>സ്കൂൾ ലീഡർ | **PTA**<br>വിവിധ ക്ലബ്ബുകൾ |

| | | | | |
|---|---|---|---|---|
| | നൽകുന്നു - നാടക കലാകാരന്മാരെയും മറ്റു കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു | | | |

# വിഷയം- ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | കാലം | ചുമതല | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രദ്ധിക്കുവാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു | ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ ക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു - ശരിയായ ഉച്ചാരണം ശ്രവിക്കാൻ അവസരം ഒരുക്കുന്നു - ആശയം നൽകി ഇംഗ്ലീഷിൽ ഏകാ ഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | ഇംഗ്ലീഷ് പീരിയഡ് | അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |
| ഭാവാത്മക | വ്യത്യസ്ത | ഇംഗ്ലീഷ് | അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| വായന പരിശീലിപ്പിക്കുന്നു | തലങ്ങളിലായി വിവിധ വായനാ കാർഡുകൾ നൽകി തെറ്റുകൂടാതെ വായിക്കാൻ അവസരം നൽകുന്നു - വ്യത്യസ്തമായ കഥകൾ, റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു - ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി നല്ല വായനക്കാരനെ ആദരിക്കുന്നു | പീരിയഡ്<br><br>**May** ൽ ഒരുതവണ | | |

| | | | | |
|---|---|---|---|---|
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു | കുട്ടികളുടെ കലാസൃഷ്ടികൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു- സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമിലുമായി പ്രദർശിപ്പിക്കുന്നു | വർഷാവസാനം<br><br>ദിനാചരണങ്ങളിൽ | അധ്യാപകർ | ഇംഗ്ലീഷ് ക്ലബ്ബ് |

# വിഷയം - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | അക്ഷരങ്ങൾ എഴുതുന്ന -ചിഹ്നം ഉറപ്പിക്കൽ -അക്ഷരക്കാട് അക്ഷരമാല പ്രദർശനം- വാക്കുകൾ നിർമ്മിക്കുന്നു -വാക്കുകളിലൂടെ വാക്യങ്ങൾ നിർമ്മിക്കുന്നു | ജൂൺ മുതൽ ഓഗസ്റ്റ് വരെ | അക്ഷര ചാർട്ട് ടെക്സ്റ്റ് നടത്തുന്നു | അധ്യാപകർ<br>**BRC** അധ്യാപകർ |
| ക്ലാസിലും വീട്ടിലും കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് കണ്ടെത്തുക | **ICT** സഹായത്തോടെ പരിശീലിക്കുന്നു | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി ഡിക്ഷണറി | അധ്യാപകർ |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം | ദിനാചരണങ്ങൾ -ഹിന്ദി അസംബ്ലി -വായന മൂല | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി ഡിക്ഷണറി | അധ്യാപകർ |

| | | | | |
|---|---|---|---|---|
| അഞ്ചാം ക്ലാസുകാർക്ക് അക്ഷര കാർഡ് നിർമ്മാണം, **6-7** ക്ലാസുകാർ ദിനാചരണങ്ങളുമായി ബന്ധപ്പെട്ടസ്കൂൾ മാഗസിനുകൾ തയ്യാറാക്കുന്നു | വർഷം മുഴുവൻ | അധ്യാപകർ | അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | **SRG**<br>**SMC**<br>റിസോഴ്സ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| ഹിന്ദി അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി പ്രസംഗം, പ്ലേ കാർഡ് മുതലായവ ഉൾപ്പെടുത്തൽ | വർഷം മുഴുവൻ | അധ്യാപകർ | **SRG**<br>അധ്യാപകർ |

| | | | | |
|---|---|---|---|---|
| തെറ്റുകൂടാതെ ഹിന്ദി വാക്കിനുള്ള പരിശ്രമം- ഹിന്ദി സംസാരിക്കാനുള്ള ഭാഷ പരിചയം | നിരന്തരം പാഠപുസ്തകം, ഹിന്ദി ചിത്രകഥകൾ എന്നിവ വായിപ്പിക്കുക | വർഷം മുഴുവൻ | അധ്യാപകർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| ദൈനംദിന വാക്കുകൾ | ചിത്രകഥകൾ അടങ്ങിയ | പ്രതിദിനം | അധ്യാപകർ | **SRG** |

| | | | | |
|---|---|---|---|---|
| ഹിന്ദിയിൽ പരിശീലിപ്പിക്കുക - നമ്പറുകൾ,ആഴ്ച, മാസം എന്നിവയുടെ അവതരണം- ഹിന്ദി കാർട്ടൂൺ, ഹിന്ദി സിനിമകൾ, എന്നിവയ്ക്കുള്ള അവസരം ഉണ്ടാക്കുക | പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു -ICT യുടെ സാധ്യതകൾ പരിചയപ്പെടുത്തുന്നു | | | **SMC**<br><br>**PTA** |

# വിഷയം - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ലളിത ശില്പശാലകളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | അധ്യാപകർ | **SRG**<br>**SMC**<br>അധ്യാപകർ |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ- ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | അധ്യാപകർ | **SRG**<br>**Rs. 10000/-** |
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് ഗണിത പാർക്ക് സജ്ജമാക്കൽ | ഒരുതവണ | ഗണിത ക്ലബ്ബ് | **SRG**<br>അധ്യാപകർ<br>പൂർവ വിദ്യാർത്ഥികൾ<br>**Rs. 10000** |

| | | | | |
|---|---|---|---|---|
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരും, മറ്റ് മേഖലകളിൽ പ്രവർത്തിക്കുന്ന തുമായവരും ഒന്ന് ചേർന്ന് ക്ലാസ്സുകൾ കൈകാര്യം ചെയ്യുക | **വർഷത്തിൽ** മൂന്നോ നാലോ തവണ | ഗണിത ക്ലബ്ബ് | അധ്യാപകർ<br>ഗണിത ക്ലബ്ബ്<br>പൂർവവിദ്യാർത്ഥികൾ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക | **ICT** സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ,ചതുഷ്കിയകൾ ഇതേപോലുള്ള മറ്റ് പ്രവർത്തനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു | മാസത്തിൽ ഒരുതവണ | അധ്യാപകർ | അധ്യാപകർ<br>**SRG** |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ , നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കുക | ആവശ്യാനുസരണം | അധ്യാപകർ<br>ഗണിത ക്ലബ്ബ്<br>കുട്ടികളുടെ പങ്കാളിത്തം | **SRG**<br>**PTA**<br>**SMC** |

# വിഷയം-സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു- അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ,ഭൂപ്രകൃതി,തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു | ജൂൺ | അധ്യാപകർ | SRG<br>SMC<br>PTA |

| | | | | |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | ഫീൽഡ് ട്രിപ്പ്, **ICT** സാധ്യതകൾ ഉപയോഗിച്ച് കുട്ടികളെ ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ കാണിച്ച് അവരിൽ ബോധം വളർത്തുന്നു | ജൂൺ | അധ്യാപകർ | അധ്യാപകർ<br><br>**SRG** |

| | | | | |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ പേര് ജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു- കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച്,സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | വർഷം മുഴുവൻ | അധ്യാപകർ | അധ്യാപകർ<br><br>**PTA**<br><br>പൂർവ്വ വിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും, റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും, ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും, രക്ഷിതാക്കൾക്കും റോഡ് സുരക്ഷ -സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | വർഷത്തിൽ മൂന്ന് തവണ | അധ്യാപകർ | അധ്യാപകർ<br>**PTA**<br>ട്രാഫിക് പോലീസ് ഉദ്യോഗസ്ഥർ |

| | | | | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര വിഷയ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | സിവിൽ സർവീസ് പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടുമിതം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു | വർഷം മുഴുവൻ | അധ്യാപകർ | അധ്യാപകർ<br>പൂർവ വിദ്യാർത്ഥികൾ<br>വിവിധ വിഷയങ്ങളിൽ നൈപുണികൾ ഉള്ള പ്രശസ്തർ |

# വിഷയം - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം, പച്ചക്കറിത്തോ,ട്ടം ,ശലഭ ഉദ്യാനം, ജൈവവേലി മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക്- വംശ നാശഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവ വൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, മണ്ഡലകാട് നിരീക്ഷണം | വർഷം മുഴവൻ | അധ്യാപക ർ<br>ഹെൽത്ത് ക്ലബ്ബ് | **PTA** |

| | | | | |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ | ശാസ്ത്ര | വർഷം മുഴവൻ | അധ്യാപകർ | **PTA** |

| | | | | |
|---|---|---|---|---|
| ശേഷി വികസിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു | | | |

| | | | | |
|---|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ യുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടു ത്തൽ | **ICT** യുടെ സഹായത്തോടെ ശാസ്ത്ര വിജ്ഞാനങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു- പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ,ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രങ്ങൾ -പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രവർത്തനങ്ങൾ | വർഷം മുഴുവൻ | അധ്യാപകർ | **PTA**<br>**SMC**<br>**SRG** |

| | | | | |
|---|---|---|---|---|
| ഗവേഷണത്തിനുള്ള ഉത്സുകത വർദ്ധിപ്പിക്കൽ | പ്രതിഭാ ശാലികൾക്ക് ഗവേഷണത്തിന് വഴിതുറക്കുന്നു - ത്രീഡി പ്രൊജക്ടറുകൾ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത ഫുള്ളറിൻ പോലെയുള്ള മൂലകങ്ങൾ ത്രിമാനരൂപത്തിൽ കാണിക്കുന്നു | വർഷം മുഴുവൻ | അധ്യാപകർ | **SMC**<br>**SRG** |

# <u>വിഷയം- കല (ചിത്രം, സംഗീതം)</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ചിത്രകല സംഗീതകല മുതലായവയുടെ പരിപോഷണം | പ്രത്യേകം മുറി സജ്ജമാക്കി ഉപകരണങ്ങൾ ഒരുക്കൽ - സർഗാത്മകഥ കണ്ടെത്താനുള്ള ശ്രമങ്ങൾ | മെയ്<br>ജൂൺ<br>ജൂലൈ | ആർട്ട്, മ്യൂസിക് അധ്യാപകർ | **SRG**<br>**SMC**<br>**PTA** |
| ചിത്രകല പരിശീലന ക്യാമ്പ് | ചിത്രകലയിൽ പ്രാവീ ണ്യം കാണിക്കുന്നവർക്ക് അവധിക്കാലത്ത് മൂന്ന് ദിവസം നീളുന്ന ആർട്ട് ശില്പശാല | അവധിക്കാലം | ആർട്ട് അധ്യാപകർ | **SRG**<br>**SMC**<br>**PTA**<br>**Rs. 8000/-** |
| കേരള സ്കൂൾ കലോത്സവ പരിപാടികൾക്കായി കുട്ടികളെ തയ്യാറാക്കൽ | തിരഞ്ഞെടുക്കപ്പെട്ടുന്നവർക്ക് ഒഴിവുദിന പരിശീലനങ്ങൾ | ഒഴിവു ദിനങ്ങൾ | ആർട്ട്, മ്യൂസിക് അധ്യാപകർ | **SRG**<br>**SMC**<br>**PTA**<br>പൂർവ്വ വിദ്യാർത്ഥികൾ |

# വിഷയം - ആരോഗ്യകായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കി ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കൽ | രാവിലെയും വൈകുന്നേരവും പരിശീലനങ്ങൾ- കായിക ക്ഷമതയും മികവും കണ്ടെത്തുന്നതിന് വിവിധ മത്സരങ്ങൾ- പ്രഥമ ശുശ്രൂഷ എങ്ങനെയെല്ലാം എന്നതിന് പ്രത്യേക പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | കായിക അധ്യാപകൻ | **SRG**<br>**SMC**<br>**PTA**<br>ആരോഗ്യവകുപ്പ് |
| ആരോഗ്യ കായിക ഉന്നമനത്തിനായി സ്കൂൾ കായികവേദിയുടെ തനത് പ്രവർത്തനങ്ങൾ | സ്കൂൾ കായിക വേദി രൂപീകരണം വാർഷിക പദ്ധതി ആസൂത്രണം - ഫുട്ബോൾ പരിശീലനം, നീന്തൽ പരിശീലനം | യഥാ കാലങ്ങളിൽ | കായിക വേദി കൺവീനർ | കായികാധ്യാപകൻ<br>**SMC**<br>**PTA**<br>പൂർവ വിദ്യാർത്ഥികൾ<br>**Rs. 18000** |
| ഉപജില്ല ജില്ല,സംസ്ഥാന മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ | തിരഞ്ഞെടുക്കപ്പെട്ടുന്നവർക്ക് ഒഴിവിദിന പരിശീലനങ്ങൾ, ലഘുഭക്ഷണം നൽകൽ | വെക്കേഷൻ, മറ്റ് അവധി ദിനങ്ങളിൽ | കായികാധ്യാപകൻ | **SMC**<br>**PTA**<br>ആരോഗ്യവകുപ്പ് |

# വിഷയം - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ഭാഷ,മാനവിക, ശാസ്ത്ര പഠനത്തോടൊപ്പം തൊഴിൽ പരിചയ നേടി തനിക്കും സമൂഹത്തിനും മുതൽക്കൂട്ട് ആവുക | ഉപകരണങ്ങളും മെറ്റീരിയലുകളും ഒരുക്കൽ -വൈഭവം കണ്ടെത്താനുള്ള ശ്രമങ്ങൾ -തെരഞ്ഞെടുക്കപ്പെടുന്നവർക്കെല്ലാം സൗജന്യ പരിശീലനം | ആഴ്ചയിൽ മൂന്ന് ദിവസം | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | SRG<br>SMC<br>PTA<br>ആരോഗ്യ വകുപ്പ് |
| സ്കൂൾ ക്രാഫ്റ്റ് മേള | കുട്ടികൾ നിർമ്മിച്ച വിവിധ ഇനങ്ങൾ - തുന്നൽ എംബ്രോയ്ഡറി ഐറ്റങ്ങൾ, കൊത്തുപണി ഉൽപ്പന്നങ്ങൾ etc. | നവംബർ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | SRG<br>SMC<br>PTA<br>ആരോഗ്യവകുപ്പ് |
| ഉപജില്ല, ജില്ല സം,സ്ഥാന പ്രവർത്തി പരിചയ മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കി എടുക്കൽ | തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ഒഴിവുദിന പ്രവർത്തി പരിചയ പരിശീലനങ്ങൾ | വെക്കേഷൻ, മറ്റ് അവധി ദിനങ്ങൾ | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | SMC<br>PTA<br>പൂർവ്വ വിദ്യാർത്ഥികൾ<br>Rs. 10000 |

# വിഷയം - കൗൺസിലിംഗ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|---|
| മാനസിക പക്വത കൈവരിക്കൽ | ഒറ്റയ്ക്കും കൂട്ടായ്മ കുട്ടികളെ കണ്ടു സംസാരിച്ച് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പക്വതയോടെ കാര്യങ്ങൾ കൈകാര്യം ചെയ്യാനുള്ള ഉപദേശങ്ങൾ നൽകുകയും ചെയ്യുന്നു | ഈ പ്രവർത്തനങ്ങൾ നടപ്പിലാകണമെങ്കിൽ ഒരു സ്ഥിരമായ കൗൺസിലിംഗ് മുറി ആവശ്യമാണ് |
| വൈകാരികവും കുടുംബപരവും മറ്റു പലതുമായ വിഷമാവസ്ഥകൾ നേരിടാനുള്ള കരുത്ത് കൈവരിക്കൽ | കുട്ടികളെ വ്യക്തിപരമായും ആവശ്യമെങ്കിൽ മാതാപിതാക്കളെയും കൗൺസിലിംഗ് നടത്തി പ്രശ്നങ്ങളുടെ ഗൗരവവും പരിഹരിക്കേണ്ട മാർഗ്ഗങ്ങളെ പറ്റിയും കൂട്ടായി ചർച്ച ചെയ്യുക | പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ അതത് ടീച്ചർമാർ കൗൺസിലിങ്ങിനായി വിടണം |
| പഠനത്തിലുള്ള പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തൽ | ജീവിതം ഗൗരവമായി കാണേണ്ടതിനെപ്പറ്റി സംസാരിച്ചു സമയത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും മൂല്യം ബോധ്യപ്പെടുത്തുക അതിനായി അവബോധ ക്ലാസുകൾ നടത്തുക ലഹരിയോട് ചായവെള്ള വിദ്യാർത്ഥികളെ വ്യക്തിപരമായും കൂട്ടായും കൗൺസിലിംഗ് നൽകുന്നു | ഹൈസ്കൂൾ തലത്തിലെ കുട്ടികൾക്ക് കൗൺസിലിംഗ് ആവശ്യമായതുകൊണ്ട് ആ ടീച്ചേഴ്സ് കുട്ടികളെ കൗൺസിലിംഗ് വിടുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട് |

| | | |
|---|---|---|
| മാനസികവും സാമൂഹ്യവും ബൗദ്ധികപരവും ആയി കുട്ടികളെ പ്രതിബദ്ധതയുള്ളവരാക്കുന്നു | തുടർച്ചയായി കൗൺസിലിംഗ് നടത്തുകയും പുറത്തുവന്ന വിദഗ്ധമായ വ്യക്തികളെക്കൊണ്ട് വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തൽ | വിദഗ്ധരുടെ ക്ലാസുകൾ ലഭ്യമാക്കുന്നതിനായി എല്ലാവരും സഹകരിച്ച് പ്രവർത്തിക്കേണ്ടതാണ് |

## പ്രതീക്ഷിത നേട്ടങ്ങൾ

. കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ കൊടുക്കുന്നു.

. ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.

. സ്കൂൾ സമൂഹവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു.

. വിദ്യാലയ പ്രവേശനം വർദ്ധിപ്പിക്കുന്നു.

. മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ ശ്രമിക്കുന്നു.

. വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നു.

## മോണിറ്ററിംഗ്

. ഉദ്യോഗസ്ഥ തലത്തിലുള്ള മോണിറ്ററിംഗ് യു.പി തലം മുതൽ ശക്തമാക്കുന്നു.

. സോഷ്യൽ മോണിറ്ററിംഗ് രീതി നടപ്പിലാക്കുന്നു.

. ദൈനംദിന മോണിറ്ററിംഗ് നടത്തുന്നു.

. വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തുന്നു.

## ഉപസംഹാരം

സാമ്പത്തിക നയങ്ങൾ പൊതു ഇടങ്ങളെ അപ്പസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ വ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്.

ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം. നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ അക്കാദമിക മാസ്റ്റർ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

********************